# കേരള സർക്കാർ

സംഗ്രഹം

ഔദ്യോഗികഭാഷ മലയാളമാക്കൽ—മലയാള പത്രങ്ങൾക്ക് നൽകുന്ന പരസ്യങ്ങൾ മലയാളത്തിലായിരിക്കണം—ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പി. ആന്റ് എ. ആർ. (ഔദ്യോഗികഭാഷ) വകുപ്പ്

സർക്കാർ ഉത്തരവ് (എം. എസ്.) 8/83/പി.ആന്റ് എ. ആർ.ഡി.

*തിരുവനന്തപുരം, 1983 ജൂലായ് 5.*

## ഉത്തരവ്

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കുക എന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. 18-6-1983-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല ഭരണഭാഷാ സമിതി യോഗം കഴിയുംവേഗം പ്രസ്തുത ലക്ഷ്യം പ്രഖ്യാപിക്കാനുതകുന്ന പല തീരുമാനങ്ങളുമെടുത്തിട്ടുണ്ട്.

ഇപ്പോൾ വിവധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മലയാള ദിനപത്രങ്ങൾക്കു നൽകുന്ന പരസ്യങ്ങൾ ചിലപ്പോൾ മലയാളത്തിൽ അല്ല എന്ന കാര്യം പ്രസ്തുത യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിനാൽ മേലിൽ എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും മലയാളം പത്രങ്ങൾക്കു നൽകുന്ന പരസ്യങ്ങൾ മലയാളത്തിൽ തന്നെയായിരിക്കണം എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,

ആർ. ഗോപാലസ്വാമി,

*ചീഫ് സെക്രട്ടറി.*